<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കണ്ണാടി- പന്നിക്കോട് റോഡ് പുനരുദ്ധാരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലുള്ള കണ്ണാടി- പന്നിക്കോട് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച കണ്ണാടി - പന്നിക്കോട് റോഡ് പ്രവൃത്തിക്ക് 28/05/2018-ലെ PWD004-121-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി 60 ലക്ഷം രൂപ ഉൾപ്പെടെ 24.09 കോടി രൂപയ്ക്കുള്ള ധനാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്കായി 21.82 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 01/01/2022-ലെ GO (Rt) No 14/2022/RD പ്രകാരം റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും, 08/03/2022-ന് 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, അതിർത്തി കല്ലിടുന്നതിനായി സർവ്വേ ജോലികളും റവന്യൂ വകുപ്പിന്റെ നിലവിലുള്ള അതിർത്തി നിർണയവും പൂർത്തീകരിച്ച് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 27.01 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുള്ളതുമാണ്. പിന്നീട് പ്രസ്തുത പ്രവൃത്തി തൽക്കാലത്തേയ്ക്ക് മാറ്റി വെക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് 12/10/2023-ലെ APR-1/5676/2020/KIIFB നമ്പർ കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നെങ്കിലും, ബഹു. എം. എൽ. എ യുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിച്ച് പ്രവൃത്തിക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ മാത്രം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് LA സ്കെച്ച് തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർക്ക് സമർപ്പിച്ചിട്ടുള്ളതും, 11 (1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതുമാണെന്ന് നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണം ഉടൻ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി ഭൂമിയേറ്റെടുക്കലിനുള്ള നഷ്ടപരിഹാര തുകയ്ക്കുള്ള ബിൽ കിഫ്ബിക്ക് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുക അനുവദിയ്ക്കുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്രകാരം ഭൂമിയേറ്റെടുക്കൽ മാത്രം കിഫ്ബി ഫണ്ടിംഗ് മുഖേന നിർവ്വഹിക്കേണ്ടതാണെന്നും, റോഡ് നിർമ്മാണ / അറ്റകുറ്റ പ്രവൃത്തികൾ ബഡ്ജറ്റ് ഫണ്ടിംഗിൽ ഉൾപ്പെടുത്തി നിർവ്വഹിക്കേണ്ടതാണെന്നും നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ